(ബി) ഇത് ഈ കാലയളവിൽ ഇന്ത്യയിൽ ഉൽപ്പാദിപ്പിച്ചിട്ടുള്ള നാളികേരത്തിന്റെ എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ;

(സി) കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത കുറഞ്ഞു വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ കാരണം എന്താണെന്ന്. വെളിപ്പെടുത്താമോ;

(ഇ) ഇതിന് പരിഹാരമായി എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) 1985-86 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ 314.86 കോടി നാളികേരം ഉൽപ്പാദിപ്പിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 1985-86-ലെ ഇന്ത്യയിലെ നാളികേരോൽപ്പാദനത്തിന്റെ കണക്കുകൾ ലഭിച്ചിട്ടില്ല.

(സി) 1980-81-ന് തൊട്ടുമുമ്പുള്ള വർഷങ്ങളിൽ ഉൽപ്പാദനക്ഷമത കുറഞ്ഞുവരുന്നതായും 1980-81 അടിസ്ഥാന വർഷമായി കണക്കാക്കി ഉൽപ്പാദനക്ഷമത നോക്കുമ്പോൾ 1984-85 വരെ ഉൽപ്പാദനക്ഷമത ക്രമാനുഗതമായി വർദ്ധിച്ചു വരുന്നതായും ആണ് കാണുന്നത്. എന്നാൽ 1985-86 വർഷത്തിൽ 1984-85നെ അപേക്ഷിച്ച് ഉൽപ്പാദനക്ഷമത കുറഞ്ഞതായി കാണുന്നു.

(ഡി) 1980-81-നുശേഷം ഉൽപ്പാദനക്ഷമത വർദ്ധിച്ചുവെങ്കിലും അതിനുമുമ്പുള്ള വർഷങ്ങളേക്കാൾ ഉൽപ്പാദനക്ഷമത ഇപ്പോഴും കുറവാണ്. അതിനുള്ള കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1. മദ്ധ്യകേരളത്തിൽ വ്യാപകമായി പടർന്നുപിടിച്ചിട്ടുള്ള കാറ്റുവീഴ്ച എന്ന രോഗം.
2. ഉൽപ്പാദനക്ഷമതകുറഞ്ഞ തെങ്ങുകളുടെ ആധിക്യം.
3. പ്രായാധിക്യമുള്ള തെങ്ങുകളുടെ ബാഹുല്യം.
4. ജലസേചന കുറവ്.
5. ശരിയായ തോതിലുള്ള പരിചരണമുറകളുടെ കുറവ്.
6. ഇടയ്ക്കിടെ ഉണ്ടാകുന്ന വരൾച്ച, വെള്ളപ്പൊക്കം എന്നിവ കെടുതികൾ.
7. സ്ഥിതിവിവരക്കണക്കിലെ അപാകത.

(ഇ) ഇതിനുള്ള പരിഹാരമായി സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു †

കരവാരം പഞ്ചായത്തിലെ മണ്ണു സംരക്ഷണ ഓഫീസുകൾ

1949 [3021] ശ്രീമതി ഓർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ നിയോജകമണ്ഡലത്തിലെ കരവാരം പഞ്ചായത്തിൽ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

കരവാരം പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളൊന്നുംതന്നെ നടപ്പിലില്ലാത്തതിനാൽ മണ്ണു സംരക്ഷണ ഓഫീസ് ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിച്ചിട്ടില്ല.

നാവായിക്കുളം പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ

1950 [3022] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ നാവായിക്കുളം പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നാവായിക്കുളം പഞ്ചായത്തിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളൊന്നുംതന്നെ നടപ്പിലില്ലാത്തതിനാൽ ഈ പ്രദേശത്തു മണ്ണു സംരക്ഷണ ഓഫീസു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

നഗരൂർ പഞ്ചായത്തിൽ മണ്ണു സംരക്ഷണ ഓഫീസുകൾ

1951 [3023] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ നഗരൂർ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

നഗരൂർ പഞ്ചായത്തിൽ ഇപ്പോൾ മണ്ണു സംരക്ഷണ പദ്ധതികളൊന്നും നടപ്പിലില്ലാത്തതിനാൽ ഉടൻ മണ്ണു സംരക്ഷണ ഓഫീസ് ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശിക്കുന്നില്ല.

മുദാക്കൽ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ

1952 [3024] ശ്രീമതി ഭാർഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിളിമാനൂർ അസംബ്ലി നിയോജകമണ്ഡലത്തിലെ മുദാക്കൽ പഞ്ചായത്തിൽ പുതിയ മണ്ണു സംരക്ഷണ ഓഫീസുകൾ തുറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

മുദാക്കൽ പഞ്ചായത്തിൽ മണ്ണു സംരക്ഷണ പ്രവർത്തനങ്ങളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ലാത്തതിനാൽ മണ്ണു സംരക്ഷണ ഓഫീസ് ഈ പ്രദേശത്തു തുടങ്ങാൻ ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly